# Information Technology - Sample Questions

## Std 10 : Malayalam Medium

**വിഭാഗം 1 : ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുക.**

1 വിപിൻ തന്റെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഇങ്ക്സ്കേപ്പിൽ തയാറാക്കിയ പോസ്റ്ററിലേക്ക് ഒരുചിത്രം ഉൾപ്പെടുത്തി. ചിത്രത്തെ വലുതാക്കിയപ്പോൾ വ്യക്തത കുറയാത്തത് ചുവടെ നൽകിയിരിക്കുന്നതിൽ എത് ചിത്രത്തിനായിരിക്കും?

ഉത്തരസൂചിക

A image.jpg
B image.svg
C image.png
D image.bmp

ശരിയായ ഉത്തരം

B image.svg

2. ഇങ്ക്സ്കേപ്പിൽ തയ്യാറാക്കിയ ഒരു പൂവിന്റെ ചിത്രം എക്സ്പോർട്ട് ചെയ്തപ്പോൾ ലഭിച്ച ചിത്രഫയൽ താഴെപറയുന്നവയിൽ ഏതായിരിക്കും ?

ഉത്തരസൂചിക

A. flower.png
B. flower.jpg
C. flower.svg
D. flower.jif

ശരിയായ ഉത്തരം:

A. flower.png

3 രാജീവ്, ഇങ്ക്സ്കേപ്പിൽ ഒരു പോസ്റ്റർ നിർമിക്കുകയാണ്. തയാറാക്കിയ ഒബ്ജക്ടുകളിൽ പിറകിലുള്ള ഒബ്ജക്റ്റിനെ മുൻപിൽ എത്തിക്കുന്നതിന്, പിറകിലുള്ള ഒബ്ജക്ട് ക്ലിക്ക് ചെയ്തതിനു ശേഷം ചുവടെ നൽകിയിരിക്കുന്നതിൽ ഏതു സങ്കേതമാണ് ഉപയോഗിക്കേണ്ടത്?

ഉത്തരസൂചിക

A Raise
B Lower
C Up
D Down

ശരിയായ ഉത്തരം

A Raise

4. ഇങ്ക്സ്കേപ്പിൽ ഒരു ചിത്രം തയാറാക്കുകയാണ് വിപിൻ. ചിത്രത്തിൽ ഒരു ഒബ്ജക്ടിന് നൽകിയിരിക്കുന്ന നിറത്തിന്റെ കട്ടപ്പത്തിന് വ്യത്യാസം വരുത്തണം. ഇതിന് ഉപയോഗിക്കാവുന്ന സങ്കേതം ?

ഉത്തരസൂചിക

A Flat color
B Opacity
C Path
D Offset

ഉത്തരസൂചിക

B Opacity

5 Fill and Stroke ജാലകത്തിൽ Stroke paint ടാബിൽ ക്ലിക്ക് ചെയ്ത് താഴെ പറയുന്നവയിൽ എത് പ്രവർത്തനമാണ് ചെയ്യാൻ സാധിക്കുക?

ഉത്തരസൂചിക

A ഒബ്ജക്ടിന് നിറം നൽകാം
B ഒബ്ജക്ടിന്റെ നിറം ഒഴിവാക്കാം
C ഒബ്ജക്ടിന്റെ പരിധിക്ക് നിറം നൽകാം
D ഒബ്ജക്ടിന്റെ സ്റ്റൈൽ മാറ്റാം

ശരിയായ ഉത്തരം

C ഒബ്ജക്ടിന്റെ പരിധിക്ക് നിറം നൽകാം

6 ഒരു ടെക്സ്റ്റിനോ ഒബ്ജക്ടിനോ നൽകിയിട്ടുള്ള ഫോർമാറ്റുകൾ അതേപടി മറ്റൊന്നിലേക്ക് പകർത്താൻ ചുവടെ നൽകിയിരിക്കുന്നതിൽ ഏതു സങ്കേതമാണ് അനുയോജ്യം?

ഉത്തരസൂചിക

A. മെയിൽ മെർജ്
B. ഫിൽട്ടർ
C. ഇൻഡക്സ് ഫോർമാറ്റിങ്
D. ക്ലോൺ ഫോർമാറ്റിങ്

ശരിയായ ഉത്തരം

D. ക്ലോൺ ഫോർമാറ്റിങ്

7 ഒരു ഡോക്യുമെന്റിലെ ചില പദങ്ങളെ ശീർഷകങ്ങളായി നിർവചിക്കാൻ വേഡ്പ്രോസസറിലുള്ള തനത് സങ്കേതം ഏത്?

ഉത്തരസൂചിക

A. Apply Style
B. Paragraph Formatting
C. Apply Filter
D. Page Formatting

ശരിയായ ഉത്തരം A. Apply Style

8 വേഡ് പ്രോസസർ സ്റ്റൈലുകളിൽ മാറ്റം വരുത്തുമ്പോൾ മലയാളം ഫോണ്ടുകളാണെങ്കിൽ ഏതിലാണ് മാറ്റം വരുത്തേണ്ടത്?

ഉത്തരസൂചിക

A. Western Text Fonts

B. CTL Fonts

C. Asian Text Fonts

D. English True Type Fonts

ശരിയായ ഉത്തരം

B. CTL Fonts

9 വേഡ്പ്രോസസർ ഡോക്യുമെന്റിലെ ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും ഏത് പ്രത്യേകത തിരിച്ചറിഞ്ഞാണ് കമ്പ്യൂട്ടർ അവയെ ഉള്ളടക്കപട്ടിക (Index Table)യിൽ ഉൾപ്പെടുത്തുന്നത് ?

ഉത്തരസൂചിക

A. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും നിറം (color)

B. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും വലുപ്പം (size)

C. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും സ്റ്റൈൽ (style)

D. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും ഇൻഡന്റ് (Indent)

ശരിയായ ഉത്തരം

C. ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും സ്റ്റൈൽ (style)

10 വെബ്പേജുകൾ തയാറാക്കുമ്പോൾ Internal കാസ്കേഡിങ് സ്റ്റൈൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ടാഗ് ഏത് ?

ഉത്തരസൂചിക

A. <p>...</p>

B. <style>...</style>

C. <body>...</body>

D. <img>...</img>

ശരിയായ ഉത്തരം

B. <style>...</style>

11 കാസ്കേഡിങ് സ്റ്റൈലുകൾ ഉൾപ്പെടുത്തി വെബ്പേജുകൾ തയാറാക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് സവിശേഷത ഉപയോഗിച്ചാണ് അക്ഷരരൂപങ്ങളെ നിർവ്വചിക്കുന്നത് ?

ഉത്തരസൂചിക

A. font-family

B. font

C. font-face

D. font-property

ശരിയായ ഉത്തരം

A. font-family

12. വെബ്പേജുകൾ തയാറാക്കുമ്പോൾ html ടാഗുകളുടേയും ആട്രിബ്യൂട്ടുകളുടെയും ആവർത്തിച്ചുള്ള ഉപയോഗം ഒഴിവാക്കാൻ ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏത് രീതിയാണ് അഭികാമ്യം ?

ഉത്തരസൂചിക

A. കാസ്കേഡിങ് സ്റ്റൈൽ ഷീറ്റുകൾ

B. വെബ്കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം

C. html എഡിറ്ററുകൾ

D. ടെക്സ്റ്റ് എഡിറ്ററുകൾ

ശരിയായ ഉത്തരം

A. കാസ്കേഡിങ് സ്റ്റൈൽ ഷീറ്റുകൾ

13. അനു വെബ്പേജ് തയാറാക്കിയപ്പോൾ <h2> ടാഗ് ഉപയോഗിച്ച് നൽകിയ ഹെഡ്ഡിങ്ങുകൾക്ക് തന്റെ പേരിൽ ഒരു ക്ലാസ്സ് സെലക്ടർ നിർവ്വചിച്ച് സവിശേഷതകൾ നൽകാൻ തീരുമാനിച്ചു. താഴെ കൊടുത്തിരിക്കുന്നവയിൽ പ്രസ്തുത ക്ലാസ്സ് സെലക്ടറെ സൂചിപ്പിക്കുന്നത് ഏതായിരിക്കും ?

ഉത്തരസൂചിക

A. h2.anu

B. h2<anu>

C. h2 {anu}

D. h2-anu

ശരിയായ ഉത്തരം

A. h2.anu

14 കാസ്കേഡിങ് സ്റ്റൈലുകൾ ഉൾപ്പെടുത്തി വെബ്പേജുകൾ തയാറാക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് സവിശേഷത ഉപയോഗിച്ച് പശ്ചാത്തലനിറം നിർവ്വചിക്കാം ?

ഉത്തരസൂചിക

A. background
B. bg-color
C. backgroundcolor
D. back-color

ശരിയായ ഉത്തരം

A. background

15 താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് പൈത്തൺ ഗ്രാഫിക്സിലെ ഒരു പ്രോഗ്രാമിൽ ഒന്നാമതായി നൽകേണ്ട നിർദ്ദേശം?

ഉത്തരസൂചിക

A clear()

B begin_fill()

C from turtle import*

D forward()

ശരിയായ ഉത്തരം

C from turtle import*

16 പൈത്തൺ ഗ്രാഫിക്സ് പ്രോഗ്രാമിൽ right(60) എന്ന നിർദ്ദേശം എന്തിനുള്ളതാണ്?

ഉത്തരസൂചിക

A turtle $60^0$ വലത്തേക്ക് തിരിയാൻ

B വലത്തേക്ക് 60 യൂണിറ്റ് നീളത്തിൽ വര വരയ്ക്കാൻ

C വലതു വശത്ത് 60 യൂണിറ്റ് ആരമുള്ള വൃത്തം വരയ്ക്കാൻ

D 60 യൂണിറ്റ് അകലത്തിൽ വലതുവശത്ത് ഒരു ബിന്ദു അടയാളപ്പെടുത്താൻ

ശരിയായ ഉത്തരം

A turtle $60^0$ വലത്തേക്ക് തിരിയാൻ

17 

```
from turtle import*
for i in range(40,101,20):
        circle(i)
```

ഈ പ്രോഗ്രാമിന്റെ ഔട്ട്പുട്ടിൽ എത്ര വൃത്തങ്ങൾ ഉണ്ടായിരിക്കും?

ഉത്തരസൂചിക

A. 40

B. 101

C. 3

D. 4

ശരിയായ ഉത്തരം

D. 4

18 പൈത്തൺ പ്രോഗ്രാം ഉപയോഗിച്ച് പാറ്റേൺ നിർമ്മിക്കുമ്പോൾ പാറ്റേണിലെ വരകൾക്ക് നീല നിറം ലഭിക്കാൻ ഏത് നിർദ്ദേശം നൽകണം?

ഉത്തരസൂചിക

A color(blue)

B color blue

C color("blue")

D color "blue"

ശരിയായ ഉത്തരം

C color("blue")

19 പൈത്തൺ പ്രോഗ്രാമിങ്ങ് ഭാഷയിൽ ജാമിതീയ രൂപങ്ങൾ നിർമ്മിക്കാൻ സഹായിക്കുന്ന അനുബന്ധ സോഫ്റ്റ്‌വേർ ഏത്?

ഉത്തരസൂചിക

A turtle

B import

C python shell

D IDLE

ശരിയായ ഉത്തരം

A turtle

20 വിവരങ്ങൾ പരസ്പരം കൈമാറത്തക്ക വിധത്തിൽ കമ്പ്യൂട്ടറുകളെ ബന്ധിപ്പിക്കുന്ന സംവിധാനത്തിന്റെ പേരെന്ത്?

ഉത്തരസൂചിക

A. കമ്പ്യൂട്ടർ നെറ്റ്‌വർക്കിങ്
B. ബ്ലോഗ്
C. ഫയൽസിസ്റ്റം
D. ഓപ്പറേറ്റിങ് സിസ്റ്റം

ശരിയായ ഉത്തരം

A. കമ്പ്യൂട്ടർ നെറ്റ്‌വർക്കിങ്

21 ഒരു കമ്പ്യൂട്ടറിൽ സേവ് ചെയ്തിട്ടുള്ള ഫയൽ മറ്റൊരു കമ്പ്യൂട്ടറിൽ ലഭ്യമാകുന്നതിന് ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏത് സംവിധാനമാണ് അത്യാവശ്യം ?

ഉത്തരസൂചിക

A. നെറ്റ്‌വർക്കിങ്
B. ഡാറ്റാബേസ്
C. ഇ കോമേഴ്സ്
D. DBMS

ശരിയായ ഉത്തരം

A. നെറ്റ്‌വർക്കിങ്

22. നെറ്റ്‌വർക്കിലുൾപ്പെട്ടിരിക്കുന്ന ഉപകരണങ്ങളുടെ നാമകരണത്തിലും മറ്റും പാലിക്കേണ്ട പൊതു നിയമങ്ങൾ ഏതുപേരിലറിയപ്പെടുന്നു?

ഉത്തരസൂചിക

A. ഐ. പി. അഡ്രസ്സ്
B. നെറ്റ് മാസ്ക്
C. നെറ്റ്‌വർക്ക്പ്രോട്ടോക്കോളുകൾ
D. ഷെയറിംഗ്

ശരിയായ ഉത്തരം

C. നെറ്റ്‌വർക്ക്പ്രോട്ടോക്കോളുകൾ

23 ഒരു നെറ്റ്‌വർക്കിൽ കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിക്കാനുപയോഗിക്കുന്ന UTP കേബിളിൽ എത്ര ജോഡി വയറുകളുണ്ട്?

ഉത്തരസൂചിക

A. 4
B. 12
C. 8
D. 10

ശരിയായ ഉത്തരം

A. 4

**വിഭാഗം 2 : ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞെടുക്കുക.**

1 താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

ഉത്തര സൂചിക

- A റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത നിലനിർത്തുന്നു
- B ബിറ്റ്മാപ്പ് ചിത്രങ്ങൾ വെക്ടർ ചിത്രങ്ങൾ എന്നറിയപ്പെടുന്നു.
- C വെക്ടർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത നിലനിർത്തുന്നു
- D റാസ്റ്റർ ചിത്രങ്ങൾ ആരംഭ ബിന്ദുവിനും അന്ത്യ ബിന്ദുവിനും ഇടയിൽ നിർവചിക്കപ്പെടുന്ന പാതയെ അടിസ്ഥാനമാക്കി നിർമിക്കപ്പെടുന്നു
- E വെക്ടർ ചിത്രങ്ങൾ ആരംഭ ബിന്ദുവിനും അന്ത്യ ബിന്ദുവിനും ഇടയിൽ നിർവചിക്കപ്പെടുന്ന പാതയെ അടിസ്ഥാനമാക്കി നിർമിക്കപ്പെടുന്നു

ശരിയായ ഉത്തരം

- C വെക്ടർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത നിലനിർത്തുന്നു
- E വെക്ടർ ചിത്രങ്ങൾ ആരംഭ ബിന്ദുവിനും അന്ത്യ ബിന്ദുവിനും ഇടയിൽ നിർവചിക്കപ്പെടുന്ന പാതയെ അടിസ്ഥാനമാക്കി നിർമിക്കപ്പെടുന്നു

2 അനു തയാറാക്കിയ ചിത്രഫയലുകളാണ് താഴെ കൊടുത്തിരിക്കുന്നത് ഇവയിൽ ഇങ്ക്സ്കേപ്പ് ഉപയോഗിച്ച് തയാറാക്കിയ ചിത്ര ഫയലുകൾ കണ്ടെത്തുക.

ഉത്തര സൂചിക

- A Pattern.png
- B Pattern.tiff
- C Pattern.gif
- D Pattern.jpg
- E Pattern.svg

ശരിയായ ഉത്തരം

- A Pattern.png
- E Pattern.svg

3 ഇങ്ക്സ്കേപ്പിലെ Fill and Stroke ജാലകത്തിൽ ലഭ്യമായ രണ്ടു സങ്കേതങ്ങൾ ചുവടെ നൽകിയവയിൽ നിന്നും കണ്ടെത്തുക.

ഉത്തര സൂചിക

- A Opacity
- B Union
- C Blur
- D Difference
- E Put on Path

ശരിയായ ഉത്തരം

- A Opacity
- C Blur

4 വേഡ് പ്രോസസറിൽ Apply Style സങ്കേതം ഉപയോഗിച്ച് ഒരു വാചകത്തെ ശീർഷകമായി ക്രമീകരിക്കണം. ഇതിനുള്ള ശരിയായ വർത്തന ഘട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A. ശീർഷകമാക്കേണ്ട വാചകം സെലക്ട് ചെയ്യുക.

B. വാചകമുൾപ്പെടുന്ന പാരഗ്രാഫ് മുഴുവനായി സെലക്ട് ചെയ്യുക.

C. Character Formatting ക്ലിക്ക് ചെയ്ത് അക്ഷരങ്ങളെ ഫോർമാറ്റ് ചെയ്യുക

D. Apply Style Box ൽ നിന്ന് Heading1 സെലക്ട് ചെയ്യുക.

E. Paragraph Formatting ക്ലിക്ക് ചെയ്ത് വാചകങ്ങളെ ഫോർമാറ്റ് ചെയ്യുക.

ശരിയായ ഉത്തരം

A. ശീർഷകമാക്കേണ്ട വാചകം സെലക്ട് ചെയ്യുക.

D. Apply Style Box ൽ നിന്ന് Heading1 സെലക്ട് ചെയ്യുക.

5 വേഡ് പ്രോസസർ ഡോക്യുമെന്റിലെ ഒരു വാചകം സെലക്ട് ചെയ്ത് Apply Style സങ്കേതം ഉപയോഗിച്ച് Heading 1 എന്ന സ്റ്റൈൽ നൽകി. ഇതുമൂലം ഡോക്യുമെന്റിലുണ്ടാവുന്ന മാറ്റങ്ങൾ എന്തൊക്കെ?

ഉത്തര സൂചിക

A. ഡോക്യുമെന്റിലെ എല്ലാ വാചകങ്ങളും Heading 1 ആയി മാറ്റപ്പെടുന്നു.

B. Heading 1 സ്റ്റൈൽ പ്രയോഗിച്ച വാചകം Header ആയി മനസ്സിലാക്കുന്നു.

C. Heading 1 സ്റ്റൈൽ പ്രയോഗിച്ച വാചകം Heading ആയി മനസ്സിലാക്കുന്നു.

D. സ്റ്റൈൽ നൽകിയ വാചകത്തിന് Heading 1 ൽ നിർവചിച്ചിരിക്കുന്ന ഫോർമാറ്റുകൾ ലഭ്യമാകുന്നു.

E. സ്റ്റൈൽ നൽകിയ വാചകത്തിന് Header ആകാനുള്ള ഫോർമാറ്റുകൾ ലഭ്യമാകുന്നു.

ശരിയായ ഉത്തരം

C. Heading 1 സ്റ്റൈൽ പ്രയോഗിച്ച വാചകം Heading ആയി മനസ്സിലാക്കുന്നു.

D. സ്റ്റൈൽ നൽകിയ വാചകത്തിന് Heading 1 ൽ നിർവചിച്ചിരിക്കുന്ന ഫോർമാറ്റുകൾ ലഭ്യമാകുന്നു.

6 വിവിധ ഭാഷകൾ ഉൾപ്പെടുന്ന ഒരു ഡോക്യുമെന്റിൽ ശീർഷക സ്റ്റൈലുകൾ തയ്യാറാക്കുന്നതിനെക്കുറിച്ച് ചില പ്രസ്താവനകൾ നൽകിയിരിക്കുന്നു. ഇവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

ഉത്തര സൂചിക

A. ഇംഗ്ലീഷ് അക്ഷരങ്ങൾക്ക് CTL ഫോണ്ടുകൾ ഉപയോഗിക്കുന്നതാണ് നല്ലത്.

B. മലയാളം അക്ഷരങ്ങൾക്ക് Western Text ഫോണ്ടുകൾ ഉപയോഗിക്കുന്നതാണ് നല്ലത്.

C. മലയാളം അക്ഷരങ്ങൾക്ക് CTL ഫോണ്ടുകൾ ഉപയോഗിക്കുന്നതാണ് നല്ലത്.

D. ഇംഗ്ലീഷ് അക്ഷരങ്ങൾക്ക് Western Text ഫോണ്ടുകൾ ഉപയോഗിക്കുന്നതാണ് നല്ലത്.

E. മലയാളം അക്ഷരങ്ങൾക്ക് Asian ഫോണ്ടുകൾ ഉപയോഗിക്കുന്നതാണ് നല്ലത്.

ശരിയായ ഉത്തരം

C. മലയാളം അക്ഷരങ്ങൾക്ക് CTL ഫോണ്ടുകൾ ഉപയോഗിക്കുന്നതാണ് നല്ലത്.

D. ഇംഗ്ലീഷ് അക്ഷരങ്ങൾക്ക് Western Text ഫോണ്ടുകൾ ഉപയോഗിക്കുന്നതാണ് നല്ലത്.

7 വെബ്പേജ് ഡിസൈനിങ്ങിൽ കാസ്കേഡിങ് സ്റ്റൈൽ ഉൾപ്പെടുത്തുമ്പോൾ താഴെ കൊടുത്തിരിക്കുന്ന ഏതെല്ലാം സെലക്ടറുകൾ ഉപയോഗിച്ച് ഉള്ളടക്കങ്ങൾക്ക് സവിശേഷതകൾ നൽകാം ?

ഉത്തര സൂചിക

A. Paragraph selector
B. Body selector
C. Image selector
D. Element selector
E. Class selector

ശരിയായ ഉത്തരം

D. Element selector
E. Class selector

8 അനു കാസ്കേഡിങ് സ്റ്റൈൽ ഷീറ്റിൽ ഫുട്ബോളിനെക്കുറിച്ചുള്ള പാരഗ്രാഫിന് തന്റെ പേരുള്ള ക്ലാസ്സും, ബാഡ്മിന്റനെക്കുറിച്ചുള്ള പാരഗ്രാഫിന് ഫാത്തിമയുടെ പേരുള്ള ക്ലാസ്സും നൽകി. വെബ്പേജിൽ ഈ പാരഗ്രാഫുകളെ ഉൾപ്പെടുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്നതിൽ ഏതെല്ലാം ടാഗുകൾ ഉപയോഗിക്കാം ?

ഉത്തര സൂചിക

A. <p.anu>...</p>
B. <p.fathima>...</p>
C. <p class="anu">...</p>
D. <p anu.fathima>......</p>
E. <p class="fathima">...</p>

ശരിയായ ഉത്തരം

C. <p class="anu">...</p>
E. <p class="fathima">...</p>

9
```
from turtle import*
for k in range(3):
    forward(100)
    right(120)
```

സമഭുജ ത്രികോണം നിർമ്മിക്കുന്നതിനുള്ള പൈത്തൺ പ്രോഗ്രാമാണ് തന്നിരിക്കുന്നത്. രണ്ട് നിർദ്ദേശങ്ങളിൽ മാറ്റം വരുത്തിയാൽ ഇതിനെ ഒരു സമഷഡ്ഭുജം നിർമ്മിക്കുന്നതിനുള്ള പ്രോഗ്രാമാക്കി മാറ്റാൻ സാധിക്കും. താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങളിൽ നിന്നും ഇവ കണ്ടെത്തുക

ഉത്തര സൂചിക

A from turtle import* ന് പകരം from import turtle*

B forward(100) ന് പകരം forward(60)

C for k in range(3): ന് പകരം for k in range(6):

D right(120) ന് പകരം right(60)

E right(120) ന് പകരം left(120)

ശരിയായ ഉത്തരം

C for k in range(3): ന് പകരം for k in range(6):

D right(120) ന് പകരം right(60)

10
```
from turtle import*
for i in range(5):
    ....................
    ....................
```

50 യൂണിറ്റ് നീളമുള്ള വശങ്ങളോടു കൂടിയ സമപഞ്ചഭുജം നിർമ്മിക്കുന്നതിനുള്ള ഒരു പൈത്തൺ പ്രോഗ്രാമിന്റെ അവസാനത്തെ രണ്ട് വരികൾ വിട്ടു പോയിരിക്കുന്നു. പ്രോഗ്രാം പൂർണമാക്കുന്നതിനുള്ള ശരിയായ നിർദ്ദേശങ്ങൾ താഴെ തന്നിട്ടുള്ളവയിൽ നിന്നും തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A forward(50)

B forward(72)

C right(72)

D right(50)

E pensize(50)

ശരിയായ ഉത്തരം

A forward(50)

C right(72)

11 ജ്യാമിതീയ രൂപം നിർമ്മിക്കാനുള്ള ഒരു പൈത്തൺ പ്രോഗ്രാമിന്റെ ചില ഭാഗമാണ് ചുവടെ നൽകിയിരിക്കുന്നത്.

```
color("red","black")
begin_fill()
circle(60)
end_fill()
```

ഇതിൽ color("red", "black") എന്ന നിർദ്ദേശത്തെ സംബന്ധിച്ച് ശരിയായ രണ്ട് പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A കറുപ്പ് നിറത്തിൽ ജ്യാമിതീയ രൂപം വരക്കുന്നു.

B ചുവന്ന നിറത്തിൽ ജ്യാമിതീയരൂപം വരക്കുന്നു.

C തുല്യ അകലത്തിൽ ചുവപ്പും കറുപ്പും ഇടകലർന്ന് ജ്യാമിതീയ രൂപം വരക്കുന്നു.

D കറുപ്പ് നിറം ഉപയോഗിച്ച് ജ്യാമതീയ രൂപത്തിലെ കളങ്ങൾ നിറയ്ക്കുന്നു.

E ചുവപ്പ് നിറം ഉപയോഗിച്ച് ജ്യാമതീയ രൂപത്തിലെ കളങ്ങൾ നിറയ്ക്കുന്നു.

ശരിയായ ഉത്തരം

B ചുവന്ന നിറത്തിൽ ജ്യാമിതീയ രൂപം വരക്കുന്നു.

D കറുപ്പ് നിറം ഉപയോഗിച്ച് ജ്യാമതീയ രൂപത്തിലെ കളങ്ങൾ നിറയ്ക്കുന്നു.

12 ഒരു നെറ്റ്‌വർക്കിലുള്ള കമ്പ്യൂട്ടറുകൾ തമ്മിലുള്ള വിവരക്കൈമാറ്റം നിയന്ത്രിക്കുന്നതിനുള്ള രണ്ട് ഉപകരണങ്ങൾ ചുവടെ തന്നിരിക്കുന്നവയിൽ ഏതൊക്കെ?

ഉത്തര സൂചിക

A. പ്രിന്റർ
B. ഹബ്
C. കണക്റ്റർ
D. സ്വിച്ച്
E. സ്കാനർ

ശരിയായ ഉത്തരം

B. ഹബ്

D. സ്വിച്ച്

13 ഒരു നെറ്റ്‌വർക്കിൽ കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിക്കാനുപയോഗിക്കുന്ന UTP കേബിളിലെ വയറുകളിൽ കാണപ്പെടാത്ത നിറം ഏത്

ഉത്തര സൂചിക

A. ഓറഞ്ച്
B. നീല
C. പച്ച
D. കറുപ്പ്
E. മഞ്ഞ

ശരിയായ ഉത്തരം

D. കറുപ്പ്
F. മഞ്ഞ

14 ഒരു കമ്പ്യൂട്ടർ നെറ്റ്‌വർക്ക് കൊണ്ടുള്ള പ്രധാനപ്പെട്ട രണ്ട് ഉപയോഗങ്ങൾ ഏവ?

ഉത്തര സൂചിക

A. ഫയലുകൾ കൈമാറ്റം ചെയ്യാം
B. യു പി എസ് പങ്കുവെയ്ക്കാം
C. മൗസ് പങ്കുവെയ്ക്കാം
D. പ്രിന്റർ പങ്കുവെയ്ക്കാം
E. കീബോർഡ് പങ്കുവെയ്ക്കാം

ശരിയായ ഉത്തരം

A. ഫയലുകൾ കൈമാറ്റം ചെയ്യാം
D. പ്രിന്റർ പങ്കുവെയ്ക്കാം